പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3703

15/03/2017 ൽ
മറുപടിക്ക്

## കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ നിയമിച്ച മാനേജിംഗ് ഡയറക്ടറുടെ കീഴിൽ നടന്ന അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് 28.02.2017-ൽ ഐ.എൻ.റ്റി.യു.സി. നടത്തിയ പട്ടിണി സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദന്റെ പരാതിയിന്മേൽ നടത്തിയ വിജിലൻസിന്റെ ത്വരിതാന്വേഷണ റിപ്പോർട്ടിൽ അഴിമതി നടന്നിട്ടുണ്ടെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ബി) മുൻമുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദന്റെ പരാതിയുടെ അടിസ്ഥാനത്തിൽ (ക്യൂ.വി.25/14/എഎൽവി) ആലപ്പുഴ യൂണിറ്റിനു കീഴിൽ ഒരു ത്വരിതാന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ഡ്രൈപൗഡർ മെഷീൻ, ലിഫ്റ്റ്, പാക്കിംഗിനുവേണ്ടിയുള്ള അലൂമിനിയം ഫോയിൽസ്, ആൽബണ്ടസോൾ ടാബ് ലറ്റ് ഉൽപ്പാദിപ്പിക്കാനുള്ള അസംസ്കൃത വസ്തുക്കൾ, സെൽഫ് അഡ്ഹീവ് ടേപ്പ് എന്നിവ വാങ്ങിയതിൽ ക്രമക്കേട് കണ്ടെത്തുകയും, |

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനെതുടർന്ന് വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

സി) വിജിലൻസും ധനകാര്യ പരിശോധനാ വിഭാഗവും അഴിമതി നടത്തിയെന്ന് കണ്ടെത്തിയ ആളെ വീണ്ടും ഈ സ്ഥാപനത്തിൽ എം.ഡി. ആയി നിയമിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

സി) നിലവിലുള്ള മാനേജിംഗ് ഡയറക്ടർ ഏതെങ്കിലും തരത്തിലുള്ള അഴിമതി നടത്തിയതായി വിജിലൻസും ധനകാര്യ പരിശോധനാ വിഭാഗവും പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഡി) പ്രസ്തുത എം.ഡി. യെ മാറ്റണമെന്ന് മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്യുതാനന്ദൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ?

ഡി) ഏതെങ്കിലും എം.ഡി. യെ മാറ്റണമെന്ന് മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്യുതാനന്ദൻ രേഖാമൂലം ആവശ്യപ്പെട്ടതായുള്ള വിവരം ലഭ്യമല്ല.

സെക്ഷൻ ഓഫീസർ